# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1392 12.03.2015- ൽ മറുപടിക്ക്

## നെല്ലിയാമ്പതിയിലെ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെല്ലിയാമ്പതിയിലുണ്ടായ ഉരുൾപ്പൊട്ടലിൽ റോഡ് ഒലിച്ചുപോയി ഗതാഗത തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) യും (സി) യും (ഡി) യും | ഉരുൾപൊട്ടലിന്റെ ഭാഗമായി റോഡിൽ വീണു കിടന്ന മണ്ണ്, പാറക്കഷ്ണങ്ങൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുകയും ഒറ്റപ്പെട്ടുപോയ നെല്ലിയാമ്പതിയിലേക്ക് ഗതാഗതം പുനസ്ഥാപിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റോഡിന്റെ തകർന്ന സംരക്ഷണ ഭിത്തിയും റോഡും പൂർവ്വസ്ഥിതിയിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) 28-10-2014 ന് ഉണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നാളിതുവരെ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | | |
| (ഡി) നെല്ലിയാമ്പതിയിലെ തകർന്ന റോഡിന്റെ പുനരുദ്ധാരണ പണികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ